## പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1476 03/05/2017-ൽ മറുപടിക്ക്

# ടെക്നോപാർക്കിലെ ജീവനക്കാരെ പിരിച്ചുവിടുന്നതിനെതിരെ നടപടി

| ചോദ്യം<br>ശ്രീ. എം.ഉമ്മർ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ടെക്നോപാർക്കിലെ വിവിധ കമ്പനികളിൽ നിന്നും ജീവനക്കാരെ തൊഴിൽ നിയമങ്ങൾ പാലിക്കാതെ പിരിച്ചുവിടുന്നത് സംബന്ധിച്ച് ആരെങ്കിലും പരാതികൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ടെക്നോപാർക്കിലെ ഐ.ടി കമ്പനികളിൽ നിന്നും ജീവനക്കാരെ തൊഴിൽ നിയമങ്ങൾ പാലിക്കാതെ പിരിച്ചു വിടുന്നത് സംബന്ധിച്ച് ഇതുവരെ പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.<br>അവിടുത്തെ കമ്പനികൾ വിദേശത്തു നിന്നുള്ള സമയബന്ധിതമായ പ്രോജക്ടുകൾ ഏറ്റെടുത്ത് പ്രവർത്തിക്കുന്നവയാണ്. കമ്പനികൾക്ക് ലഭ്യമാകുന്ന പ്രോജക്ടുകൾ അനുസരിച്ച് യോഗ്യതയുള്ള ജീവനക്കാരെ പ്രോജക്ടുകൾ പൂർത്തിയാക്കും വരെയുള്ള നിശ്ചിത കാലാവധിയ്ക്ക് കരാർ വ്യവസ്ഥയിലാണ് നിയമിക്കാറുള്ളത്. ഇതു സംബന്ധിച്ചുള്ള വിഷയങ്ങളിൽ ടെക്നോപാർക്ക് നേരിട്ട് ഇടപെടാറില്ല. |
| (ബി) | ഇപ്രകാരം പിരിച്ചുവിടുന്ന കമ്പനികൾക്കെതിരെയും ഇതിന് ഇരയാകുന്ന ജീവനക്കാരെ സംരക്ഷിക്കുന്നതിനായും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ